## (3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

### പോലീസ് വകുപ്പിലെ ഭരണനവീകരണം

154 [790] ശ്രീ. കെ. മുഹമ്മദാലി:
" കെ. സി. വേണുഗോപാൽ:
" എൻ. ശക്തൻ:
" എം. മുരളി:
" ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ രംഗത്ത് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത നടപടികൾകൊണ്ട് ഭരണ രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിയെന്ന് അറിയിക്കാമോ;

(സി) പോലീസ് വകുപ്പിൽ ഭരണനവീകരണത്തിന്റെ പേരിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പോലീസിനെ ജനങ്ങളുടെ സുഹൃത്തുക്കളാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

#### ഉത്തരം

(എ—സി) ഭരണ നടപടികൾ നവീകരിക്കുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് ഡി. ജി. പി. - യിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. പോലീസുകാരുടെ ജോലി സമയം 8 മണിക്കൂർ ആയി നിജപ്പെടുത്തണമെന്ന ആവശ്യം നടപ്പിലാക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ 57 പോലീസ് സ്റ്റേഷനുകളിൽ ഇതു നടപ്പാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പൊതുജനങ്ങളുടെ സൗഹൃദവും വിശ്വാസവും നേടിയെടുത്തു കൊണ്ട് അവരുടെ സമ്പൂർണ്ണ സഹകരണത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതും, കണ്ടുപിടിക്കുന്നതും ഉൾപ്പെടെ പോലീസ് പ്രവർത്തനങ്ങൾ നടത്തി ജനങ്ങളുടെ സഹകരണത്തോടുകൂടി സമൂഹത്തിന് അങ്ങേയറ്റം പ്രയോജനകരമാകത്തക്ക വിധത്തിൽ പോലീസ് പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനുള്ള കമ്മ്യൂണിറ്റി പോലീസിങ് പ്രോഗ്രാമിന്റെ ഭാഗമായി മൈത്രി പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

### പൊതുയോഗം, പ്രകടനം എന്നിവയ്ക്ക് നിയന്ത്രണം

155 [793] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകടനങ്ങൾ പൊതുയോഗങ്ങൾ, സർക്കാർ ഓഫീസുകളിലേക്ക് മാർച്ചുകൾ ഇവ നടത്തുന്നതിന് എന്തെങ്കിലും രീതിയിലുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇതിനടിസ്ഥാനമായ ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും പകർപ്പ് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ കൊല ചെയ്യപ്പെട്ട കക്കട്ടിൽ സ്വദേശി രവീന്ദ്രന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് സി.പി.ഐ.(എം.) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ജൂൺ 19-ന്റെ വടകര താലൂക്ക് ആഫീസ് മാർച്ചിനോടനുബന്ധിച്ച ക്രമസമാധാന പ്രശ്നവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംഘടനകൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; എങ്കിൽ ഏത് സംഘടനക്ക് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത താലൂക്ക് ഓഫീസ് മാർച്ചിനോടനുബന്ധിച്ച് ഏതെങ്കിലും ജനപ്രതിനിധികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ജനപ്രതിനിധികൾക്ക് ഇത്തരത്തിലുള്ള നോട്ടീസ് അയക്കുന്നതിന് നിയമപരമായ എന്തെങ്കിലും അടിസ്ഥാനമുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.†

(ബി ആന്റ് സി) ഉണ്ട്.

1. ശ്രീമതി ചന്ദ്രിക, കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

2. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്കുട്ടി മാസ്റ്റർ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് മെമ്പർ.

3. ശ്രീ. ടി. കെ. നാണു, മരുതോക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

4. ശ്രീമതി കെ. കെ. ലതിക, കുങ്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

മേൽപ്പറഞ്ഞ സി.പി.എം. പഞ്ചായത്ത് തൂലുക്ക് തല നേതാക്കൾക്കാണ് നോട്ടീസ് അയച്ചത്. ഇവർ പ്രസ്തുത താലൂക്ക് ഓഫീസ് മാർച്ചിൽ പങ്കെടുക്കുമെന്ന് വ്യക്തമാക്കിയതിനാലാണ് നോട്ടീസ് കൊടുത്തത്.

(ഡി) ഉണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.†

അടിയന്തിരമായി പാസ്പോർട്ട് ലഭിക്കുന്നതിനായുള്ള സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്

156 [797] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിയന്തിരമായി പാസ്പോർട്ട് ലഭിക്കാൻ വേണ്ടുന്ന സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം XV, XV (എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly